പത്രക്കുറിപ്പ്
01-11-2017

## പിഎംഎവൈ: കേരളത്തിൽ 635.97 കോടി രൂപയുടെ പദ്ധതിക്ക് കൂടി കേന്ദ്ര അനുമതി

തിരുവനന്തപുരം: കേന്ദ്ര ഭവന നിർമ്മാണ പദ്ധതിയായ പ്രധാനമന്ത്രി ആവാസ് യോജന (പിഎംഎവൈ) വഴി കേരളത്തിൽ 635.97 കോടി രൂപയുടെ പദ്ധതി കൂടി നടപ്പിലാക്കാൻ കേന്ദ്ര അനുമതി. ന്യൂഡൽഹിയിൽ കേന്ദ്ര ഭവന- നഗര വികസന മന്ത്രാലയ ആസ്ഥാനത്ത് നടന്ന കേന്ദ്ര സാക്ഷനിങ് ആൻഡ് മോണിറ്ററിങ് സമിതി യോഗമാണ് കേരളം മുന്നോട്ടുവച്ച പ്രൊജക്ടുകൾക്ക് അംഗീകാരം നൽകിയത്. കേരളത്തിലെ 75 നഗരസഭകളിലായി 21199 വീടുക ൾ കൂടി നിർമ്മിക്കാനുള്ള അനുവാദം ഇതോടെ ലഭിച്ചു. 21199 വീടുകൾ നിർമ്മിക്കുന്നതിനായി 317.98 കോടി രൂപ കേന്ദ്രം നൽകും. ശേഷിച്ച തുക സംസ്ഥാനങ്ങളും നഗരസഭകളും ഗുണഭോക്താവും ചേർന്ന് വഹിക്കും. കേരളത്തിൽ പദ്ധതിയുടെ നോഡൽ ഏജൻസി കുടുംബശ്രീയാണ്.

ഈ അനുമതി ലഭിച്ചതോടു കൂടി കേരളത്തിൽ പിഎംഎവൈ വഴി ആകെ 58117 വീടുകൾ നിർമ്മിക്കാനാകും. ആകെ 1743.51 കോടി രൂപയാണ് പദ്ധതി ചെലവ്. ഇതിൽ 871.75 കോടി രൂപ കേന്ദ്രം വഹിക്കും. ശേഷിച്ച തുക സംസ്ഥാനവും. നഗരപ്രദേശങ്ങളിൽ കുറഞ്ഞത് ഒരു സെന്റ് സ്ഥലമെങ്കിലുമുള്ള ഭവന രഹിതർക്ക് വീട് നിർമ്മിക്കുന്നതിനായി മൂന്ന് ലക്ഷം രൂപ സഹായമായി നൽകുന്ന പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന. ഇതിൽ ഒന്നര ലക്ഷം രൂപ കേന്ദ്രം നൽകും. ശേഷിച്ച തുക സംസ്ഥാന- നഗരസഭ- ഗുണഭോക്തൃ വിഹിതമാണ്. ഗുണഭോക്തൃ കേന്ദ്രീകൃത ഭവന നിർമ്മാണം എന്ന ഘടകത്തിലുള്ള ഈ പദ്ധതി ചേരീവികസനം, ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി, അഫോർഡബിൾ ഹൗസിങ് സ്കീം, വ്യക്തിഗ ത നിർമ്മാണം എന്നീ നാല് വ്യത്യസ്ത കാര്യങ്ങൾ സംയോജിപ്പിച്ചു കൊണ്ടാണ് നടപ്പിലാ ക്കുന്നത്.

കേരളത്തിലാകെയുള്ള 93 നഗരസഭകളിൽ 75 നഗരസഭകളാണ് കേന്ദ്ര അനുമതിക്കായി ഇത്തവണ വിശദമായ പദ്ധതിരേഖ സമർപ്പിച്ചത്. ഇതിൽ 34 നഗരസഭകൾ 100 ശതമാനം ഗുണഭോക്താക്കളെയും കണ്ടെത്തുകയും അവർക്ക് അനുസൃതമായ പ്രൊജക്ടുകൾ സമർപ്പിച്ച് അംഗീകാരം നേടിയെടുക്കുകയും ചെയ്തു. ഇതോടെ ഈ നഗരസഭകളിൽ കുറഞ്ഞത് ഒരു സെന്റ് ഭൂമിയെങ്കിലുമുള്ള എല്ലാവർക്കും ഭവനമായി. ശേഷിച്ച നഗരസഭകളെല്ലാം നവംബർ ഒമ്പതിനകം മുഴുവൻ ഗുണഭോക്താക്കളെയും കണ്ടെത്തി വിശദമായ പദ്ധതിരേഖ സമർപ്പി ക്കും. ഈ നഗരസഭകളിലായി 13000 വീടുകൾക്ക് കൂടി അനുമതി കിട്ടിക്കഴിഞ്ഞാൽ കേരളത്തി ലെ നഗരങ്ങളിൽ വസ്തുവുള്ള ഏവർക്കും ഭവനമാകും. ഇത് കൂടാതെ 15 നഗരങ്ങളിൽ ഭൂരഹി ത ഭവനരഹിതർക്ക് ഭൂമി കണ്ടെത്തിയിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷത്തോടെ ഈ ഭൂമിയി ൽ ഇവർക്ക് പാർപ്പിട സമുച്ചയങ്ങൾ നിർമ്മിച്ച് നൽകും. ഇതോടെ ഈ നഗരങ്ങൾ ഭവനരഹി തരില്ലാത്ത നഗരങ്ങളായും മാറും.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ